

വിജയ വഴിയിൽ
വിഴിഞ്ഞം
ആദ്യമദർഷിപ്പിനു സ്വീകരണം
കേരളത്തിന്റെ സമഗ്രപുരോഗതിയിൽ
നാഴികക്കല്ലാവുന്ന വിഴിഞ്ഞം
അന്താരാഷ്ട്ര തുറമുഖം
യാഥാർത്ഥ്യമാവുന്നു.
2024 ജൂലൈ 12 ന് ആദ്യ മദർഷിപ്പ്
മുഖ്യമന്ത്രി പിണറായി വിജയൻ
സ്വീകരിക്കുന്നു.
ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

## വിഴിഞ്ഞത്തിന്റെ പ്രാധാന്യം എന്താണ്?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കേരള സർക്കാർ പൊതു-സ്വകാര്യ പങ്കാളിത്ത (പിപിപി) മാതൃകയിൽ നടപ്പാക്കുന്ന ഒരു പ്രധാന സാമ്പത്തിക അടിസ്ഥാനസൗകര്യ പദ്ധതിയാണ്. കേരളത്തിലെ എക്കാലത്തെയും വലിയ സ്വകാര്യമേഖല നിക്ഷേപമാണിത്.

ഇന്ത്യയിലെ ആദ്യത്തെ സെമി ഓട്ടോമേറ്റഡ് കണ്ടെയ്നർ തുറമുഖമാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. പ്രധാനമായും ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനാണ് തുറമുഖം വിഭാവനം ചെയ്തിരിക്കുന്നത്.

വിഴിഞ്ഞം പ്രവർത്തനക്ഷമമാകുമ്പോൾ അന്താരാഷ്ട്ര ഷിപ്പിങ് ഭൂപടത്തിൽ കേരളത്തിന് പ്രമുഖമായ സ്ഥാനം ലഭിക്കും. ഇന്ത്യയ്ക്ക് 7500 കിലോമീറ്റർ തീരദേശം ഉണ്ട്. ഇവിടെ ഏതാണ്ട് 200 ഓളം തുറമുഖങ്ങളുമുണ്ട്. ഇതിൽ 12 എണ്ണം കേന്ദ്രസർക്കാരിന് കീഴിലുള്ള മേജർ തുറമുഖങ്ങളും ബാക്കിയുള്ളവ സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ളവയുമാണ്.

സമീപകാലത്ത് ഈ മേഖലയിൽ വന്ന ഏറ്റവും വലിയ മാറ്റം സംസ്ഥാന തുറമുഖങ്ങളുടെ വളർച്ചയാണ്. ഇപ്പോൾ ഏതാണ്ട് 40 ശതമാനത്തിലധികം ചരക്ക് കൈകാര്യം ചെയ്യുന്നത് സംസ്ഥാന തുറമുഖങ്ങളാണ്. അവയിൽ തന്നെ മുന്ദ്ര, കൃഷ്ണപട്ടണം, തുടങ്ങിയ തുറമുഖങ്ങൾ പല മേജർ തുറമുഖങ്ങളെക്കാൾ ചരക്ക് കൈകാര്യം ചെയ്യുന്നുണ്ട്.

## കപ്പൽച്ചാലിനു കയ്യെത്തും ദൂരത്ത്

വിഴിഞ്ഞത്തിനുള്ള ഒരു പ്രത്യേകത ഈ തുറമുഖങ്ങൾക്കൊന്നുമില്ല. കൊളംബോയ്ക്ക് 50 കിലോമീറ്റർ ഉള്ളപ്പോൾ, വിഴിഞ്ഞത്തിനു 18 കിലോമീറ്റർ മാത്രം അകലെയാണു രാജ്യാന്തര കപ്പൽച്ചാൽ.

കൊളംബോ തുറമുഖം കൈകാര്യം ചെയ്യുന്ന ചരക്കിൽ 60% ഇന്ത്യയിലേക്കുള്ളതാണ്. ഇതിന്റെ 30 ശതമാനമെങ്കിലും ആദ്യഘട്ടത്തിൽ മാത്രം വിഴിഞ്ഞത്തിനു ലഭിക്കുമെന്നാണു കണക്കുകൂട്ടൽ.

ഇന്ത്യയിലേക്കുള്ള കണ്ടെയ്നറുകൾ മാത്രമല്ല, കൊളംബോയെ ഇപ്പോൾ ആശ്രയിക്കുന്ന മറ്റു രാജ്യങ്ങളിലേക്കുള്ള കണ്ടെയ്നറുകളും മാറ്റിക്കയറ്റുന്ന ഹബ്ബായി വിഴിഞ്ഞം മാറുമെന്നു ചുരുക്കം.

## നേട്ടങ്ങൾ എന്തൊക്കെ?

തുറക്കുന്നത് തൊഴിലവസരങ്ങളുടെ ചാകരയിലേക്ക്

വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിൽ നേരിട്ട് 650 പേർക്കും അല്ലാതെ 5000 പേർക്കും തൊഴിൽ ലഭിക്കുമെന്നാണ് കരുതുന്നത്. പരോക്ഷമായ തൊഴിലവസരങ്ങൾനേരിട്ടുള്ള അവസരങ്ങളുടെ 3 മുതൽ 4 മടങ്ങു വരെ വരും.

തുറമുഖപോഷിതങ്ങളായ വ്യവസായങ്ങൾ മൂലം ഉണ്ടാകുന്ന തൊഴിൽ അവസരങ്ങൾ നേരിട്ടുള്ള അവസരങ്ങളുടെ 10 മടങ്ങോളവും.

അഞ്ച് ലക്ഷത്തിനു മേൽ തൊഴിലവസരങ്ങൾ പദ്ധതിയുമായി ബന്ധപ്പെട്ട് സൃഷ്ടിക്കപ്പെടുമെന്ന് കണക്കാക്കപ്പെടുന്നു.

തുറമുഖത്തെത്തുന്ന കപ്പലുകളുടെ കമ്പനികളും വിഴിഞ്ഞത്തും പരിസര പ്രദേശങ്ങളിലുമായി വരും മാസങ്ങളിൽ ഓഫിസ് തുറക്കും.

## ലോജിസ്റ്റിക്സ്
## മേഖലയിൽ ഏറെ അവസരം

നിലവിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ലോജിസ്റ്റിക്സ് കമ്പനികൾ പ്രവർത്തിക്കുന്നത് കൊച്ചിയിലാണ്. കയറ്റുമതി ചെയ്യാൻ ആഗ്രഹിക്കുന്നവരുടെ ഡോക്യുമെന്റേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സഹായിക്കുന്ന ഇത്തരം





## ടൂറിസവും വളരും

വിഴിഞ്ഞം ലോകം അറിയുന്ന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്തോട് ചേർന്നുകിടക്കുന്നതുകൊണ്ട് ക്രൂയിസ് കപ്പലുകളെയും ധാരാളമായി ആകർഷിക്കും. ഉൾനാടൻ ജലഗതാഗത മേഖലയിലും വലിയ സാധ്യതയാണ് ഈ തുറമുഖം തുറക്കുന്നത്.





കമ്പനികൾ വിഴിഞ്ഞം യാഥാർഥ്യമാകുന്നതോടെ തിരുവനന്തപുരത്തേക്കും എത്തും. ലോജിസ്റ്റിക്സ് ഡിഗ്രി മുതൽ ഡിപ്ലോമക്കാർക്ക് വരെ ഇത്തരം സ്ഥാപനങ്ങളിൽ ജോലി ലഭിക്കും.

## പ്ലസ് ടു മുതൽ എംബിഎ വരെ

ലോജിസ്റ്റിക്സുമായി ബന്ധപ്പെട്ട പാക്കിങ് മുതലുള്ള തൊഴിലവസരങ്ങൾ വരും വർഷങ്ങളിൽ തിരുവനന്തപുരത്ത് ലഭ്യമായി തുടങ്ങും. ലോജിസ്റ്റിക്സ് മേഖലയിൽ പ്ലസ് ടു മുതൽ എംബിഎക്കാർക്ക് വരെ ജോലി ലഭിക്കും. കയറ്റുമതി, ഇറക്കുമതി എന്നിവയ്ക്കു വേണ്ട കാര്യങ്ങൾ ചെയ്തു കൊടുക്കുന്ന ഫ്രൈറ്റ് ഫോർവേഡ് സ്ഥാപനങ്ങളിൽ എംബിഎ പ്രഫഷനലുകളെ ആ വശ്യമാവും.

ലോജിസ്റ്റിക് മാനേജ്മെന്റ്, സപ്ലൈ ചെയിൻ മാനേജ്മെന്റ്, മാരിടൈം എൻജിനീയറിങ്, ഷിപ് ബിൽഡിങ് ഡിപ്ലോമ, മെക്കാനിക്കൽഓട്ടമൊബീൽ, ഐടി, കംപ്യൂട്ടർ സയൻസ് എൻജിനീയറിങ് തുടങ്ങിയ പഠിച്ചവർക്കും പോർട്ടുമായി ബന്ധപ്പെട്ട് ഒട്ടേറെ തൊഴിലവസരങ്ങൾ ലഭിക്കും.

ഇംപോർട്ട/എക്സ്പോർട് ബില്ലുകൾ, കസ്റ്റമറുമായുള്ള പണമിടപാടുകൾ തുടങ്ങിയവ നിയന്ത്രിക്കേണ്ടതിനാൽ ബികോം ബിരുദക്കാർക്കും ഇവിടങ്ങളിൽ ജോലി ഉറപ്പാണ്.

## അസാപ് സെന്റർ

വിഴിഞ്ഞം തുറമുഖത്തെ ലോജിസ്റ്റിക് തൊഴിൽ സാധ്യതകൾ മുന്നിൽക്കണ്ട് യുവാക്കൾക്ക് നൈപുണ്യവികസനത്തിൽ തീവ്രപരിശീലന പദ്ധതിയൊരുക്കി സർക്കാരിന്റെ നൈപുണ്യ വികസന ഏജൻസിയായ അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ് ) സെന്റർ

തുറന്നു. സ്വകാര്യ മേഖലയിൽ ഒന്നരലക്ഷം രൂപ വരെ ചെലവുള്ള കോഴ്സുകൾ കുറഞ്ഞ ഫീസിൽ ഇവിടെ പഠിപ്പിക്കുന്നു.

## കേരളത്തിന് സാമ്പത്തികലാഭം

**ഉയർന്ന വരുമാനവിഹിതം നികുതിവരവ്** കരാർ പ്രകാരം, പദ്ധതി അതിന്റെ പ്രവർത്തന കാലയളവിലെ പതിനഞ്ചാം വർഷം മുതൽ വരുമാനം സർക്കാരുമായി പങ്കിടാൻ തുടങ്ങും. സാധ്യതാപഠന റിപ്പോർട്ട് അനുസരിച്ച്, പദ്ധതി 40 വർഷ കരാർ കാലയളവിൽ (36 വർഷ പ്രവർത്തന കാലയളവിൽ) ഏകദേശം 54,750 കോടി രൂപ മൊത്ത വരുമാനം ഉണ്ടാക്കും, അതിൽ ഏകദേശം 6300 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിക്കും.

2028 ഡിസംബറോടെ ശേഷി വർധിപ്പിക്കൽ പൂർത്തിയാകുന്നതോടെ മൊത്തവരുമാനം 2,15000 കോടി രൂപയായി വർധിക്കും. 36 വർഷത്തെ ഇതേ പ്രവർത്തന കാലയളവിനുള്ളിൽ വരുമാനവിഹിതം 35,000 കോടി രൂപയായി വർധിക്കും.

ശേഷി വർധനവിലൂടെ ഉണ്ടാക്കുന്ന അധികവരുമാനം ജിഎസ്ടി രൂപത്തിൽ സംസ്ഥാനത്തിന് ലഭിക്കും. കരാർ കാലയളവിൽ ലഭിക്കുന്ന മൊത്തം ജിഎസ്ടി ഏകദേശം 29,000 കോടി രൂപയാണ്.

കോർപ്പറേറ്റ് പ്രത്യക്ഷവരുമാന നികുതിവരവിലും വൻ വർധനയുണ്ടാകും.

## ട്രാൻസ്ഷിപ്പ്മെന്റ് ചെലവിലും വിദേശവിനിമയത്തിലും ലാഭം

നിലവിൽ ഒരു ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബിന്റെ അഭാവം മൂലം ഇന്ത്യൻ സമ്പദ്ഘടനക്ക് ഏതാണ്ട് 1800 കോടി രൂപയുടെ വിദേശവിനിമയ നഷ്ടം പ്രതിവർഷം സംഭവിക്കുന്നു. കൂടാതെ മറ്റു രാജ്യങ്ങളുടെ ട്രാൻസ്ഷിപ്പ്മെന്റ് കൈകാര്യം ചെയ്യാനുള്ള അവസരവും നഷ്ടമാകുന്നു.

വിഴിഞ്ഞം തുറമുഖം പൂർത്തിയാകുന്നതോടെ ഇതിൽ മാറ്റമുണ്ടാകും.. ഒരു ദശലക്ഷം ടിഇയു ശേഷിയുള്ള ഒന്നാം ഘട്ടത്തിൽ, നിലവിലുള്ള ട്രാൻസ്ഷിപ്പ്മെന്റിന്റെ ഒരു ഭാഗം വിഴിഞ്ഞം കൈകാര്യം ചെയ്യും. 2,3,4 ഘട്ടങ്ങളിലെ വികസനം പുരോഗമിക്കുന്നതിലൂടെ, ട്രാൻസ്ഷിപ്പ്മെന്റ് കാർഗോ കൈകാര്യം ചെയ്യാനുള്ള ഇന്ത്യയുടെ കഴിവ് പലമടങ്ങ് വർധിക്കുന്നു. 36 വർഷത്തെ പ്രവർത്തന കാലയളവിലെ വിദേശനാണ്യ ലാഭം ഏകദേശം 1,80,000 കോടി രൂപയോളം വരും.



## തദ്ദേശീയ വ്യവസായങ്ങൾക്ക് ഉണ്ടാകുന്ന നേട്ടം

വിഴിഞ്ഞം തുറമുഖത്തിന്റെ സാമിപ്യം, വയബിലിറ്റി ഗാപ് ഫണ്ട് മാർഗനിർദ്ദേശങ്ങൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ യൂസർ ഫീ എന്നീ ഘടകങ്ങൾ തദ്ദേശീയ വ്യവസായങ്ങൾക്ക് ഗുണകരമാകും.

സംസ്ഥാനം നിലവിൽ വിഭാവനം ചെയ്യുന്ന വ്യാവസായിക ഇടനാഴികൾ, പ്രത്യേകിച്ച് ഔട്ടർ റിംഗ് റോഡ് (ORR), NH-66, മറ്റു വ്യാവസായിക ഇടനാഴികൾ എന്നിവ കേന്ദ്രീകരിച്ചു വ്യവസായവത്കരണം ത്വരിതഗതിയിൽ മുന്നേറും.

## പ്രാദേശിക ജനതയുടെ ജീവിതനിലവാരം ഉയരും

വിഴിഞ്ഞം തീരദേശ മേഖലയിലെ ജീവിതനിലവാരം ഉയർത്താൻ പദ്ധതി സഹായിക്കും.

വർധിച്ച സാമ്പത്തികപ്രവർത്തനങ്ങൾ തീരദേശ സമൂഹങ്ങൾക്കിടയിൽ കൂടുതൽ വരുമാനം സൃഷ്ടിക്കുന്നതിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും കാരണമാകും.

# വിഴിഞ്ഞം തുറമുഖ പദ്ധതി നാൾവഴികൾ

മത്സരാധിഷ്ഠിത ബിഡ് നേടിയ ശേഷം അദാനി ഗ്രൂപ്പ്, പദ്ധതിയുടെ വികസനത്തിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്പിവി)–അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (എവിപിപിഎൽ) രൂപവൽക്കരിച്ചു.

അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനത്തിനും പ്രവർത്തനത്തിനുമായി 2015 ഓഗസ്റ്റ് 17–ന് കേരള സർക്കാരിന്റെ തുറമുഖ വകുപ്പുമായി കൺസഷൻ കരാറിൽ ഏർപ്പെട്ടു. കരാർ പ്രകാരം, നിയുക്ത തീയതി (ഇളവ് കാലയളവ് ആരംഭിക്കുന്നത്) 2015 ഡിസംബർ 05 ആയി പ്രഖ്യാപിക്കുകയും നിർമ്മാണപ്രവർത്തനങ്ങൾ അതേ ദിവസം ആരംഭിക്കുകയും ചെയ്തു.

പദ്ധതിക്കായുള്ള പോർട്ട് ഓപ്പറേഷൻ കെട്ടിടം 2020–ൽ ഉദ്ഘാടനം ചെയ്തു.

220/33 ഗഢ സബ്സ്റ്റേഷൻ 2021 ജൂലൈയിൽ കമ്മിഷൻ ചെയ്തു.

സെക്യൂരിറ്റി ബിൽഡിംഗ്, 33/11 KV പോർട്ട് സബ്സ്റ്റേഷൻ, ഗേറ്റ് കോംപ്ലക്സ് എന്നിവ 2022–ലും വർക്ക്ഷോപ്പ് കെട്ടിടം 2023–ലും ഉദ്ഘാടനം ചെയ്തു.

2023 ഒക്ടോബർ 15–ന് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ക്രെയിനുകളുമായി എത്തിയ ആദ്യ കപ്പലിനെ സ്വീകരിച്ചു.

തുറമുഖം ട്രയൽ ഓപ്പറേഷൻ 2024 ജൂലൈയിൽ ആരംഭിച്ച് 2024 സെപ്തംബർ/ഒക്ടോബറിൽ കമ്മിഷൻ ചെയ്യും.

ബ്രേക്ക് വാട്ടർ: 2960 മീറ്റർ ബ്രേക്ക് വാട്ടർ പൂർത്തിയായി. സംരക്ഷണഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു.

കണ്ടെയ്നർ ബെർത്ത്: 800 മീറ്റർ കണ്ടെയ്നർ ബെർത്ത് പൂർത്തിയായി. 600 മീറ്റർ കണ്ടെയ്നർ ബെർത്ത് പ്രവർത്തനത്തിന് തയ്യാറാണ്.

പോർട്ട് അപ്രോച്ച് റോഡ്: 1700 മീറ്ററിൽ 600 മീറ്റർ പോർട്ട് അപ്രോച്ച് റോഡ് കമ്മിഷൻ ചെയ്തു. റോഡ് കണക്റ്റിവിറ്റിയുടെ ശേഷിക്കുന്ന ജോലികൾ പുരോഗമിക്കുകയാണ്.



തുറമുഖം വഴിയുള്ള തൊഴിലവസരങ്ങൾ പ്രാദേശികസമൂഹത്തിന്റെ നൈപുണ്യവികസനത്തിന് കാരണമാകും. അസാപ്, അദാനി വിഴിഞ്ഞം പോർട്ട്, സംസ്ഥാന സർക്കാർ എന്നിവർ ചേർന്നു തുടങ്ങിയ നൈപുണ്യവികസനകേന്ദ്രം ഈ ദിശയിലെ നല്ലൊരു തുടക്കമാണ്.

# പ്രധാന അനുമതികൾ

വാണിജ്യ കപ്പലുകൾ കൈകാര്യം ചെയ്യുന്നതിനായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് താൽക്കാലിക NSPC ക്ലിയറൻസ് 2024 ജൂലൈ 02-ന് ലഭിച്ചു, 2024 സെപ്തംബർ 30 വരെയാണ് കാലാവധി.

2024 ഏപ്രിൽ 02-ന് കപ്പലുകളുടെയും തുറമുഖ സൗകര്യങ്ങളുടെയും (ഐഎസ്പിഎസ് കോഡ്) സുരക്ഷയ്ക്കായി പോർട്ട് ഫെസിലിറ്റി ഇന്റർനാഷണൽ കോഡ് ലഭിച്ചു.

കസ്റ്റംസ് ആക്ട് 1962 പ്രകാരം സെക്ഷൻ 7 എ അംഗീകാരം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ കസ്റ്റംസ് തുറമുഖമായി അംഗീകരിക്കുന്ന രേഖ 2024 ജൂൺ 15-ന് ലഭിച്ചു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ (NYY 1) ലൊക്കേഷൻ കോഡ് 2024 ജൂൺ 21-ന് ലഭിച്ചു.

കസ്റ്റംസ് ആക്ട് 1962 പ്രകാരം സെക്ഷൻ 8 അംഗീകാരം: ലാൻഡിംഗ് സ്ഥലത്തിന്റെ അംഗീകാരത്തിനും സെക്ഷൻ 8 പ്രകാരം കസ്റ്റംസ് ഏരിയയുടെ പരിധി വ്യക്തമാക്കുന്നതിനുമുള്ള സർട്ടിഫിക്കറ്റ് 2024 ജൂൺ 24-ന് ലഭിച്ചു.

കസ്റ്റംസ് ആക്ട് 1962 പ്രകാരമുള്ള സെക്ഷൻ 45 അംഗീകാരം: 1962 ലെ കസ്റ്റംസ് ആക്ടിന്റെ സെക്ഷൻ 45 പ്രകാരം കസ്റ്റംസ് ഏരിയാ റെഗുലേഷൻസ്, 2009 ലെ ചരക്ക് കൈകാര്യം ചെയ്യുന്നതിന്റെ റെഗുലേഷൻ 5 പ്രകാരം കസ്റ്റോഡിയൻഷിപ്പ് 2024 ജൂൺ 24-ന് ലഭിച്ചു.

EDI (ഇലക്ട്രോണിക് ഡാറ്റ ഇന്റർചേഞ്ച്), കസ്റ്റോഡിയൻ കോഡ് അംഗീകാരത്തിനായി കാത്തിരിക്കുന്നു.

ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് (ഐസിപി) ക്ലിയറൻസിനായി കാത്തിരിക്കുന്നു.

# 2028 ഡിസംബറിനുള്ളിൽ പൂർത്തീകരണം

തുറമുഖത്തിന്റെ പൂർണ തോതിലുള്ള കമ്മിഷൻ ചെയ്യൽ സെപ്റ്റംബർ/ഒക്ടോബർ മാസങ്ങളിൽ നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഇപ്പോൾ എത്തിച്ചേർന്ന ധാരണ പ്രകാരം തുറമുഖത്തിന്റെ എല്ലാ ഘട്ടങ്ങളും (രണ്ടും, മൂന്നും, നാലും ഘട്ടങ്ങൾ ഉൾപ്പെടെ) 2028-ഡിസംബറിനുള്ളിൽ പൂർത്തീകരിക്കുമെന്ന് അദാനി കമ്പനി.

തുറമുഖത്തിന്റെ മിനിമം സ്ഥാപിത ശേഷി പ്രതിവർഷം 30 ലക്ഷം കണ്ടെയ്നറായിരിക്കും (പഴയ കരാർ അനുസരിച്ച് പ്രതിവർഷം 10 ലക്ഷം കണ്ടെയ്നറായിരുന്നു സ്ഥാപിത ശേഷി).







**സ്വീകരണ ചടങ്ങിൽ കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, വിശിഷ്ട വ്യക്തികൾ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കും.**

Printed and Published by T.V. Subhash IAS,  Director Information & Public Relations Department
on behalf of Government of Kerala and  Printed at C-apt,Thiruvananthapuram. Published from
Information Public Relations Department, Government of Kerala
Government Secretariate, Thiruvananthapuram 695001
Copies: 11,000  For Free Circulation